# കാർഷിക വിജ്ഞാനം ചിറക് വിടർത്തി കിസാൻമേള

Janayugam dt 11/12/16

കാസർകോട്: കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് കാസർകോട് സി.പി.സി.ആർ.ഐയിൽ നടന്ന കാർഷിക ഫല സസ്യ പ്രദർശനം ശ്രദ്ധേയമായി. സി പി സി ആർ ഐ യും കേരള കാർഷിക ഗവേഷണ കേന്ദ്രവും വികസിപ്പിച്ചെടുത്ത തെങ്ങ് കൃഷിയിലെ നൂനത സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്ന കിസാൻമേളയിൽ കേരളത്തിന് പുറമേ തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ നിന്നുള്ള കാർഷിക ഉൽപ്പന്നങ്ങളുമുണ്ടായിരുന്നു. ഏറ്റവും വിലകുറവിൽ നീര പഞ്ചസാര ഉൽപ്പാദിപ്പിച്ച് വിൽക്കുന്ന കാർഷിക നഴ്സറിയിൽ വൻതിരക്കായിരുന്നു. കശുമാങ്ങയില്ലാത്ത സീസണിലും കശുമാങ്ങ രുചി അനുഭവിക്കുന്ന കശുമാങ്ങ സ്ക്വാഷും മാമ്പഴക്കാലം ഓർമ്മിപ്പിക്കുന്ന മാമ്പഴ ഉൽപ്പന്നങ്ങളും ചക്കയുടെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും മേളയുടെ ആകർഷണമാണ്. ചെറുതേൻ, വൻതേനും നാളികേരള അച്ചാറും നാളികേ ചിപ്പ്സും, നാളികേരത്തിന്റെയും ചക്കയുടെയും ഐസ്ക്രീമും കൊക്കൊയുടെ ചോക്ക്ലൈറ്റ് തുടങ്ങിയ വൈവിധ്യമായ ഉൽപ്പന്ന്ങ്ങളാണ് പ്രദർശനത്തിന് ഒരുക്കിയത്.

വിശാലമായ പുഷ്പ പ്രദർശനവും വിൽപനയും മേളയിൽ ഒരുക്കിയിരുന്നു. ഉദ്ഘാടന ദിവസം തന്നെ ആയിരങ്ങളാണ് മേളയിൽ പങ്കെടുത്തത്. നാളികേര ഗവേഷണവും വികസനവും എന്ന വിഷയത്തെ ആസ്പദമാക്കി അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു. ചടങ്ങിൽ സിപിസിആർഐയുടെ നൂറുവർഷത്തെ ഗവേഷണങ്ങൾ, ഹാർവെസ്റ്റിംഗ് ഫാർമേഴ്സ് വിസ്ഡം എന്നീ പുസ്തകങ്ങൾ മന്ത്രി പ്രകാശനം ചെയ്തു. മേള കേന്ദ്രകൃഷി -കർഷക ക്ഷേമവകുപ്പ് മന്ത്രി രാധാമോഹൻ സിംഗ് ഉദ്ഘാടനം ചെയ്തു. പി.കരുണാകരൻ എം.പി അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ സി.പി..സി.ആർ.ഐയുടെ വിവിധ പുസ്തകങ്ങളുടെ പ്രകാശനവും നാളികേര ഉൽപ്പന്നങ്ങളുടെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവ്വഹിച്ചു. റവന്യൂ വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ, ഉത്തര കന്നഡ എം.പി.അനന്ത് കുമാർ ദത്താത്രേയ ഹെഗ്ഡേ, സി.പി.സി.ആർ.ഐ ഡയറക്ടർ ജനറൽ ഡോ.തിലോചൻ മഹാപാത്ര, കാംപ്കോ പ്രസിഡന്റ് എസ്.ആർ.സതീഷ്ചന്ദ്ര, മൊഗ്രാൽപുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് എ.എ.ജലീൽ, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ വി.പ്രദീപ് സംസാരിച്ചു. സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ.പി.ചൗഡപ്പ സ്വാഗതം പറഞ്ഞു.




**കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് കാസർകോഡ് സി.പി.സി.ആർ.ഐയിൽ നടന്ന കിസാൻമേള കേന്ദ്രകൃഷി -കർഷക ക്ഷേമവകുപ്പ് മന്ത്രി രാധാമോഹൻ സിംഗ് ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി ഇ ചന്ദ്രശേഖരൻ സമീപം**